ചട്ടങ്ങൾ ലംഘിച്ചുള്ള കെട്ടിടനിർമ്മാണം

96 (494) ശ്രീ. എളമരം കരീം :
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീ. പി. വിശ്വൻ :
ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദ് :
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിൽ ചട്ടങ്ങൾ ലംഘിച്ചുള്ള കെട്ടിടനിർമ്മാണം സംബന്ധിച്ച് സർക്കാർ എന്തെങ്കിലും സർവ്വേ നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) സംസ്ഥാനത്തെ കെട്ടിടനിർമ്മാണ ചട്ടങ്ങൾ പൂർണ്ണമായും പാലിക്കപ്പെടുമെന്നുറപ്പാക്കിയ ശേഷം നിർമ്മാണാനുമതി നൽകുകയും നിർമ്മാണം ആരംഭിക്കുന്ന ഘട്ടത്തിൽ ചട്ടങ്ങൾക്ക് വിരുദ്ധമായി കെട്ടിടം നിർമ്മിക്കുകയും ചെയ്യുന്ന പ്രവണത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇപ്രകാരം നിർമ്മിച്ച കെട്ടിടങ്ങൾ കൂടുതലുള്ള നഗരങ്ങൾ ഏതൊക്കെ എന്ന് വെളിപ്പെടുത്തുമോ ;

(ഡി) മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിൽ അനധികൃത കെട്ടിടം നിർമ്മിക്കുന്നവർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) നഗരപ്രദേശങ്ങളിൽ കെട്ടിടങ്ങൾ തമ്മിലുണ്ടായിരിക്കേണ്ട അകലം, റോഡുകളിൽ നിന്നും കെട്ടിടങ്ങളിലേക്ക് വേണ്ടതായ കുറഞ്ഞ അകലം എന്നീ നിബന്ധനകൾ ലംഘിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; നഗരവീഥികളെ മുറ്റമാക്കുന്ന പ്രവണതമൂലം വാഹനങ്ങൾക്കും കാൽനട യാത്രക്കാർക്കും ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടുവോ ;

(എഫ്) എങ്കിൽ പ്രസ്തുത നിയമലംഘനങ്ങൾ നടത്താൻ ഒത്താശ ചെയ്യുകയും നിയമലംഘനത്തിനെതിരെ നടപടി എടുക്കാൻ മടികാണിക്കുകയും ചെയ്യുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഉണ്ട്.

(സി) വിശദാംശങ്ങൾ നഗരസഭകളിൽ നിന്നും ശേഖരിച്ച് വ്യക്തമായ മറുപടി പിന്നാലെ സമർപ്പിക്കുന്നതാണ്.

(ഡി) ഉണ്ട്. ഇതിലേയ്ക്കായി നഗരസഭകളിലെ എഞ്ചിനീയറിംഗ് വിഭാഗത്തിൻ കീഴിൽ പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) കെട്ടിടനിർമ്മാണത്തിനുള്ള അപേക്ഷകൾ സമർപ്പിക്കുമ്പോൾ ഇക്കാര്യങ്ങൾ പരിഗണിച്ചശേഷമാണ് നഗരസഭകളിൽ നിന്നും പെർമിറ്റ് നൽകി വരുന്നത്.

(എഫ്) നിയമലംഘനം നടത്തുന്നവരുടെ പേരിൽ നടപടി എടുക്കുന്നതിന് ഇപ്പോൾ തന്നെ ചട്ടങ്ങളിൽ വ്യവസ്ഥയുണ്ട്. ചട്ടങ്ങൾ അനുശാസിക്കും പ്രകാരമുള്ള നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട ജീവനക്കാർ വിമുഖത കാട്ടുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ അവർക്കെതിരെ അച്ചടക്കനടപടി ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവ് വരുത്തുന്നത് സംബന്ധിച്ച്

97 (495) ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ :

(എ) 1997-98, 1998-99, 1999-2000, 2000-2001 വർഷങ്ങളിൽ തിരുവനന്തപുരം, എറണാകുളം,തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, വയനാട് എന്നീ ജില്ലകളിൽ കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ ഇളവ് വരുത്തിക്കൊണ്ടോ മാറ്റങ്ങൾ വരുത്തിക്കൊണ്ടോ നിർമ്മാണം നടത്താൻ എത്ര കേസ്സുകളിൽ സർക്കാർ അനുവാദം നൽകിയിട്ടുണ്ട് ;

(ബി) ജില്ലതിരിച്ചുള്ള കണക്ക് വിശദീകരിക്കാമോ ;

(സി) അപേക്ഷകരുടെ പേരുവിവരം നൽകാമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

കെട്ടിട നിർമ്മാണ നിയമത്തിലെ വ്യവസ്ഥകൾ ഇളവ് ചെയ്ത് നൽകിയ ഉത്തരവുകൾ

98 (496) ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ രണ്ടു വർഷത്തിൽ കെട്ടിടനിർമ്മാണ നിയമത്തിലെ വ്യവസ്ഥകളിൽ അയവ് വരുത്തി മലപ്പുറം, കോഴിക്കോട് ജില്ലകളിൽ എത്ര കെട്ടിടങ്ങൾ നിർമ്മിക്കുവാൻ സർക്കാർ ഉത്തരവ് നൽകി ;

(ബി) ഇതിൽ വ്യാപാര സ്ഥാപനങ്ങൾ എത്ര ; ഫ്ളാറ്റുകൾ എത്ര ; വീടുകൾ എത്ര ;

(സി) അപേക്ഷകരുടെ പേരുവിവരങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ച് മറുപടി നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly